പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1638

04-12-2018-ൽ മറുപടിക്ക്

## കാർഷിക വായ്പ

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ മുഖേന കാർഷികാവശ്യങ്ങൾക്കുള്ള വായ്പ അനുവദിക്കുന്നതിന് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ ശിപാർശ ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ? | റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് കാർഷിക ആവശ്യങ്ങൾക്കാണ് കാർഷിക വായ്പകൾ ഉപയോഗിക്കുന്നതെന്ന് ബാങ്ക് അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്. 2017-18 വർഷത്തിൽ സംസ്ഥാനത്ത് മൊത്തം നൽകിയ കാർഷിക വായ്പ 40409 കോടി രൂപയാണ്. ഇതിൽ കിസ്സാൻ ക്രെഡിറ്റ് കാർഡുകൾ (KCC) മുഖേന 6661 കോടി രൂപയും അഗ്രികൾച്ചർ ഗോൾഡ് ലോൺ (AGL) ആയി 33748 കോടി രൂപയുമാണ് നൽകിയിട്ടുള്ളത്. AGL ആയി നൽകുന്ന ലോണിനും കേന്ദ്ര സർക്കാരിന്റെ 5 ശതമാനം പലിശയിളവ് സഹിതം 4 ശതമാനം പലിശ മാത്രമാണ് കർഷകർ നൽകേണ്ടത്. കാർഷികാവശ്യത്തിന് തരുന്ന ലോണിന് അനുവദിക്കുന്ന 5 ശതമാനം പലിശയിളവ് AGL ന്റെ പേരിൽ കാർഷികേതര ആവശ്യങ്ങൾക്കായി വാങ്ങുന്നതും ബാങ്കുകൾ അനുവദിക്കുന്നതും ശരിയായ നടപടിയല്ല. കൃഷിക്കാർക്കായി നൽകുന്ന കാർഷിക ലോൺ യഥാർത്ഥ കർഷകർക്ക് കാർഷിക ആവശ്യത്തിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി എന്ന നിലയിലാണ് AGL വാങ്ങുന്നവർ ഈ തുക കാർഷികാവശ്യത്തിന് തന്നെയെന്ന് കൃഷി വകുപ്പിന്റെ കൂടി സാക്ഷ്യ പത്രം നിർബന്ധമാക്കണമെന്ന് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്. യഥാർത്ഥ കർഷകർക്ക് ഇതുമൂലം യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല. |

സെക്ഷൻ ഓഫീസർ